## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3843. 17.12.2015 ൽ മറുപടിയ്ക്ക്.

**സ്വകാര്യ ബസുകൾക്ക് പെർമിറ്റുകൾ പുതുക്കി നൽകൽ**

| ചോദ്യം<br>ശ്രീ.ബാബു. എം. പാലിശ്ശേരി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഫാസ്റ്റുകളും സൂപ്പർ ഫാസ്റ്റുകളുമായി സർവ്വീസ് നടത്തിയിരുന്ന സ്വകാര്യ ബസുകൾക്ക് പെർമിറ്റുകൾ പുതുക്കി ലിമിറ്റഡ് സ്റ്റോപ്പ്, ഓർഡിനറി പെർമിറ്റുകൾ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഫാസ്റ്റ് സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ നടത്താൻ കെ.എസ്.ആർ.ടി.സി യ്ക്ക് മാത്രമേ അധികാരമുള്ളൂ വെന്നും സ്വകാര്യ ബസ്സുകൾക്ക് അതിനുള്ള അവകാശമില്ലെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ടോ; | (ബി) | ഇല്ല. എന്നാൽ സൂപ്പർ ക്ലാസ് സർവീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.-യ്ക്കു മാത്രമായി നിജപ്പെടുത്തിക്കൊണ്ട് എസ്.ആർ.ഒ. നമ്പർ 555/2013 സർക്കാർ വിജ്ഞാപനം ചെയ്ത സ്കീം നിലനില്ക്കത്തക്കതാണ് എന്ന് കോടതി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കോടതിവിധി അട്ടിമറിച്ച് ദീർഘദൂര റൂട്ടുകളിലെ സർവ്വീസ് വീണ്ടും സ്വകാര്യ ബസ് ഉടമകൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | കോടതിവിധി അട്ടിമറിച്ചിട്ടില്ല. എന്നാൽ ടി സ്കീം പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് സൂപ്പർ ക്ലാസ് സർവീസ് പെർമിറ്റ് നഷ്ടപ്പെട്ടതും തുടർന്ന് പെർമിറ്റ് നഷ്ടപ്പെടുന്നതുമായ സ്വകാര്യ സ്റ്റേജ് കാര്യേജുകൾക്ക് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി പെർമിറ്റുകൾ നല്കാൻ 20.08.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം: 45/2015/ഗതാ പ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ടി സ്കീമിന് യാതോരു മാറ്റവും വരുത്താതെ നിലനിർത്തിയിട്ടുമുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ.